"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

FCSD - സപ്ലൈക്കോയിൽ ASM ആയിരുന്ന എൻ.എഫ്. സിറിലിന്റെ ബാധ്യത എഴുതി തള്ളുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം.106/2026/F&CS തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:-

1. കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ 13/11/2015-ലെ സിസി 76/2013 നമ്പർ ഉത്തരവ്.
2. സ.ഉ. (അച്ചടി) നം. 102/2017/ധന തീയതി 07.08.2017.
3. സപ്ലൈക്കോ മാനേജിംഗ് ഡയറക്ടറുടെ 14/06/2018, 15/11/2021 തീയതികളിലെ ഡി26-8182/08 നമ്പർ കത്തുകൾ.
4. 23/12/2024-ലെ സി3/299/2018-FCSD നമ്പർ സർക്കാർ കത്ത്.
5. സപ്ലൈക്കോ മാനേജിംഗ് ഡയറക്ടറുടെ 21/02/2026-ലെ KSCSC/655/2024-D26(DISP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സപ്ലൈക്കോ റാന്നി ഡിപ്പോയുടെ പരിധിയിലുള്ള ചെറുകോൽപ്പുഴ / അയിരൂർ മാവേലി സ്റ്റോറിലെയും, ചാലാപ്പള്ളി മാവേലി മാവേലി സ്റ്റോറിലെയും കണക്കെടുപ്പിൽ ക്രമക്കേടുകൾ കണ്ടെത്തുകയും, തുടർന്ന് എൻ.ഫ്. സിറിലിനെതിരെ ചാലാപ്പള്ളി മാവേലി സ്റ്റോറിലെ ബാധ്യത 42,047.35/- രൂപയായും, ചെറുകോൽപ്പുഴ മാവേലി സ്റ്റോറിലെ ബാധ്യത 1,39,506.70/- രൂപയായും (ആകെ ബാധ്യത 1,81,554/- രൂപ) നിശ്ചയിച്ചിട്ടുള്ളതും, ടിയാനെതിരെ VC/07/09/PTA നമ്പറായി പത്തനംതിട്ട VACB കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 2014-ൽ ടിയാൻ മരണപ്പെട്ടതിനെ തുടർന്ന് പരാമർശം (1) പ്രകാരം കോട്ടയം Enquiry Commission & Special Judge ടിയാന്റെ ശിക്ഷ ഇളവ് ചെയ്തിട്ടുണ്ട്. തുടർന്ന് 14/05/2018-ലെ സപ്ലൈക്കോ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരമുള്ള മാനേജിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എൻ.എഫ് സിറിൽ (Late)-ന്റെ, 1,81,544/- രൂപയുടെ ബാധ്യത എഴുതി തള്ളുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ പരാമർശം (4) കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. വകുപ്പ് മേധാവിക്ക് ഒരു കേസിൽ പരമാവധി 1,00,000/- രൂപ വരെ മാത്രമേ എഴുതിത്തള്ളാൻ അധികാരമുള്ളൂ എന്നും, നിലവിലെ ബാധ്യതാ തുകയായ 1,81,544/- രൂപ വകുപ്പ് മേധാവിയുടെ അധികാരപരിധിക്ക് മുകളിൽ ആയതിനാൽ, പ്രസ്തുത തുക എഴുതി തള്ളുന്നതിനായി പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് സപ്ലൈക്കോ മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സപ്ലൈകോയിൽ നിന്നും ASM തസ്തികയിൽ

വിരമിച്ച പരേതനായ എൻ.എഫ്. സിറിലിന്റെ ബാധ്യത തുകയായ 1,81,554/- രൂപ പരാമർശം (2) സർക്കാർ ഉത്തരവിലെ അനുബന്ധം 1, ഇനം നം. 26 പ്രകാരം KFC Vol. I Article 300-303, 161 എന്നിവയിലെ നിബന്ധനകൾക്കനുസൃതമായി എഴുതിത്തള്ളുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശരത് ചന്ദ്രൻ സി എസ്

സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പിൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ(പി.യു.-ബി) വകുപ്പ് (1952521/PU-B2/74/2021-FIN dated 11/01/2022)
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (സി3/299/2018-ഭ.പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

**Signed by Veena V**
**Date: 11-05-2026 15:12:12**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.